MONDAY

30/03/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. K S    Editor : Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/03/2026

1. വാണിജ്യ കൃഷിയിലേക്ക് സജീവമായി വരുന്ന കർഷകർ, കാർഷിക കൂട്ടായ്മകൾ, കാർഷിക ഉത്പാദക സംഘടനകൾ, കാർഷിക സംരംഭകർ, പ്രവർത്തന കയറ്റുമതിക്കാർ, കാർഷിക സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് വിവിധ കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ കൃഷിഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ആയത് നമ്മുടെ കാർഷിക വികസനത്തിന് വളരെ സഹായകരമാകും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് നവോ-ധൻ (NAWO-DHAN) പദ്ധതി (New Agriculture Wealth Opportunities-Driving Horticulture and Agri-Business Networking). കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളുടെ നിർവഹണത്തിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോയെ (KABCO) എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾ, കർഷക സംരംഭകർ എന്നിവർക്കുള്ള ഓൺലൈൻ ഏകജാലക സംവിധാനവും തുടർ നടപടികളും, ഭൂവുടമകൾ, കർഷകസംരംഭകർ എന്നിവർക്കൊപ്പം കൃഷി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹകാരി സേവന ഉടമ്പടി – (KRISHI SAHAKARI SLA) –യിലെ പങ്കാളിത്തം, പരിശോധനയും അംഗീകാരവും KABCOയുടെ മേൽനോട്ടത്തിലാണ്. www.kabco.co.in എന്ന കാബ്കോയുടെ വെബ് സൈറ്റ് മുഖേന നവോ-ധൻ (NAWO-DHAN) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

## പരിശീലന പരിപാടി

2. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. കാർഷിക മേഖലയിലെ ഡ്രോൺ സാധ്യതകൾ, സ്മാർട്ട് കൃഷി രീതികൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കി മാറ്റുന്നതിനായി അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് ഏപ്രിൽ 15 മുതൽ മെയ് 15 വരെ അപേക്ഷിക്കാം. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സം യുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക ഡ്രോണുകൾക്കുപരി നിരീക്ഷണത്തിനും വിള ഇൻഷ്വറൻസിനുമുള്ള

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മിനിഡ്രോണുകളുടേയും പരിശീലനവും സർവ്വകലാശാലയിലെ ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം നൽകുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്

## കാർഷിക നിർദേശം

3. വാഴയിൽ ഇലപ്പുള്ളിരോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഓണവാഴക്ക് നന തുടരണം. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വേപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക. വാഴയിൽ നിന്ന് ഒടിഞ്ഞു തൂങ്ങുന്ന ഇലകൾ കൃത്യമായി ഇടവേളകളിൽ നീക്കം ചെയ്യണം. 50 ഗ്രാം വേപ്പിൻ പിണ്ണാക്ക് നന്നായി പൊടിച്ച് ഇലകവിളുകളിൽ 5 ആം മാസത്തിലും, 7ആം മാസത്തിലും ഇട്ടുകൊടുക്കണം. വാഴയുടെ കടചീയൽ ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിലൂടെ പകരുന്നതിനാൽ ബ്ലീച്ചിങ്ങ് പൗഡർ വലിയ കിഴികളാക്കി വെള്ളം തോട്ടത്തിലേക്ക് കടക്കുന്ന ഭാഗത്ത് വയ്ക്കുക. ഇത് വെള്ളത്തിലുള്ള ബാക്ടീരിയയെ നശിപ്പിക്കും. കൂടാതെ കോപ്പർ ഓക്സിക്ലോറൈഡ് പൊടി 1 ലിറ്റർ വെള്ളത്തിൽ 4 ഗ്രാം എന്ന കണക്കിൽ ലയിപ്പിച്ച ലായനി വാഴയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നതും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം